# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6196

02.04.2018- ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ് നടപ്പിലാക്കുന്ന കമ്പനി

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.ഐ.സി. ബാലകൃഷ്ണൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ് നടപ്പിലാക്കുന്നതിന് ഇഫ്ടാസ് കമ്പനിയുമായി ബന്ധപ്പെട്ടിട്ടുണ്ടോ;<br>(ബി) സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ് ഏർപ്പെടുത്താനുള്ള സോഫ്റ്റ് വെയർ ഇഫ്ടാസ് കമ്പനി വികസിപ്പിച്ചെടുത്തിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ പ്രസ്തുത കമ്പനി ഏതൊക്കെ കമ്പനികളിൽ നിന്നാണ് സോഫ്റ്റ് വെയർ ലഭ്യമാക്കുന്നത് എന്ന് വിശദീകരിക്കാമോ? | (എ) യും (ബി) യും (സി) യും സഹകരണ ബാങ്കിങ് മേഖലയിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്ന വിഷയത്തിൽ ഇഫ്ടാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. മേൽ സെക്രട്ടറിതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇഫ്ടാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയത് നടപ്പാക്കുന്നത് സംബന്ധിച്ച ഇഫ്ടാസ് സോഫ്റ്റ് വെയറിന്റെ സാങ്കേതികത, സോഫ്റ്റ് വെയർ കോസ്റ്റ്, ആവർത്തന ചെലവ് എന്നിവ സംബന്ധിച്ച് ഈ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് **19.03.2018** ലെ സ.ഉ (സാധാ) നം.**167/2018**/സഹ നമ്പർ ഉത്തരവ് പ്രകാരം ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇഫ്ടാസ് സമർപ്പിച്ച പ്രൊപ്പോസൽ മേൽ കമ്മിറ്റി പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**